ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:11.08.2025

## പ്രധാനവാർത്തകൾ

1) പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ദേശീയ കായിക ഭരണ ബിൽ ലോക്സഭ പാസ്സാക്കി.

2) വോട്ടർ പട്ടികാ പരിഷ്കരണത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി പ്രതിപക്ഷ എംപിമാർ. ഭരണഘടനാ സ്ഥാപനങ്ങളുടെ സത്പേര് തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

3) നവംബർ ഒന്നോട് കൂടി കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4) സംസ്ഥാനത്ത് ഓൺലൈൻ മദ്യവിൽപ്പന ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടില്ലെന്ന് എക്സൈസ് മന്ത്രി എംബി രാജേഷ്.

5) സ്വകാര്യ ബസ്സ് ജീവനക്കാർ വിദ്യാർത്ഥികളോട് മോശമായി പെരുമാറിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

RNU TVPM

&&&&&&&&&&&&&&&&&&&

**ലോക്സഭ ബിൽ**

ദേശീയ കായിക ഭരണ ബിൽ, 2025 ലോക്സഭ ഇന്ന് പാസ്സാക്കി. ദേശീയ സ്പോട്സ് ബോർഡ് രൂപീകരിക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്ന ബിൽ കായിക മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് നാഷണൽ സ്പോർട്സ് ട്രിബ്യൂണൽ രൂപീകരിക്കാനും വ്യവസ്ഥ ചെയ്യുന്നു. ദേശീയ ഒളിമ്പിക് കമ്മിറ്റി, പാരാലിമ്പിക് കമ്മിറ്റി, ദേശീയ, പ്രാദേശിക സ്പോട്സ് ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക മേഖലയിലെ ഉത്തേജക മരുന്നുപയോഗം തടയാൻ ലക്ഷ്യമിടുന്ന ദേശീയ ആന്റി-ഡോപ്പിങ്ങ് ഭേദഗതി ബില്ലും ലോക്സഭ ഇന്ന് പാസ്സാക്കി. ദേശീയ ആൻറി-ഡോപ്പിങ്ങ് ഏജൻസി, ദേശീയ ആൻറി-ഡോപ്പിങ്ങ് ബോർഡ് എന്നിവ രൂപീകരിക്കാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും വലിയ പരിഷ്കരണ നീക്കങ്ങൾക്കാണ് ഇരു ബില്ലുകളും വഴിയൊരുക്കുകയെന്ന് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ലോക്സഭയിൽ വ്യക്തമാക്കി.

ടാക്സേഷൻ നിയമ ഭേദഗതി ബില്ലും, ആദായ നികുതി രണ്ടാം നമ്പർ ബില്ലും ലോക്സഭ ഇന്ന് ശബ്ദവോട്ടോടെ

RNU TVPM

പാസ്സാക്കിയിരുന്നു. ധനമന്ത്രി നിർമല സീതാരാമനാണ് ബില്ലുകൾ അവതരിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## പാർലമെൻറ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഒന്നിലേറെ തവണ നിർത്തിവച്ച സഭ വിവിധ ബില്ലുകളിന്മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ഇന്നത്തേക്ക് പിരിയുകയായിരുന്നു .

RIJU TVPM

&&&&&&&&&&&&&&&&&&

## പ്രതിഷേധ മാർച്ച് -പാർലമെൻറ്

ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിൽ പ്രതിപക്ഷ എംപിമാർ പാർലമെൻറ് സമുച്ചയത്തിൽ നിന്നും, തിരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. മല്ലികാർജ്ജുൻ ഖർഗേ, രാഹുൽ ഗാന്ധി, ശരദ് പവാർ, അഖിലേഷ് യാദവ് തുടങ്ങി പ്രതിപക്ഷത്തെ മുൻനിര നേതാക്കൾ മാർച്ചിൽ പങ്കെടുത്തു. അതേസമയം ഭരണഘടനാ സ്ഥാപനങ്ങളുടെ സത്പേര്

തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു വിമർശനം ഉന്നയിച്ചു.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി-ഇൻട്രോ**

നവംബർ ഒന്നോട് കുടി കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുമെന്ന് അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. വേങ്ങാട് ലൈഫ് ഭവന പദ്ധതിയിൽ നിർമ്മിച്ച 50 വീടുകളുടെ താക്കോൽ ദാനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**എം ബി രാജേഷ്**

സംസ്ഥാനത്ത് ഓൺലൈൻ മദ്യവിൽപ്പന ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടില്ലെന്ന് എക്സൈസ് മന്ത്രി എംബി രാജേഷ്. സർക്കാർ നിലപാട് വ്യക്തമാക്കിക്കഴിഞ്ഞതാണെന്നും, മദ്യനയം അനുസരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. തെരുവ് നായ വിഷയത്തിൽ ABC ചട്ടങ്ങളെ വിമർശിക്കുന്ന ഉത്തരവാണ് സുപ്രീംകോടതിയിൽ നിന്നും

RNU TVPM

ഇന്നുണ്ടായതെന്നും അദ്ദേഹം വ്യക്തമാക്കി. നായയെ പിടിച്ച് വന്ധ്യംകരിച്ച ശേഷം അവിടെ തന്നെ തിരികെ വിടുന്ന ABC ചട്ടം അസംബന്ധം എന്നാണ് കോടതി പരാമർശിച്ചതെന്ന് മന്ത്രി പറഞ്ഞു. അപ്രായോഗ്യമായ ABC ചട്ടം പൊളിച്ചെഴുതാൻ കേന്ദ്ര സർക്കാർ ശ്രമിക്കണമെന്നും ശ്രീ എംബി രാജേഷ് ആവശ്യപ്പെട്ടു. ഡൽഹിയിലെ തെരുവ് നായ പ്രശ്നത്തിൽ, നായ്ക്കളെ ഉടനടി പിടികൂടി വന്ധ്യംകരിച്ച് ശേഷം സ്ഥിരമായി ഷെൽട്ടറുകളിലേക്ക് മാറ്റണമെന്ന് സുപ്രീം കോടതി ഇന്ന് നിർദേശിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**സ്വകാര്യ ബസ്സ്- വി ശിവൻകുട്ടി-ഇൻട്രോ**

സ്വകാര്യ ബസ്സ് ജീവനക്കാർ വിദ്യാർത്ഥികളോട് മോശമായി പെരുമാറിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ബസ്സ് കൺസഷൻ സ്വകാര്യ ബസ്സുകളുടെ ഔദാര്യമല്ലെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. കുട്ടികളെ രണ്ടാം തരം പൗരൻമാരായി കാണരുതെന്നും കുട്ടികൾ ആവശ്യപ്പെടുന്ന സ്ഥലത്ത് ബസ്സ് നിർത്തണം എന്നും മന്ത്രി ആവശ്യപ്പെട്ടു.

(വോയിസ്)

&&&&&&&&&&&&&&&&&&

RNU TVPM

## ഏഴിമല നാവിക അക്കാദമി-ബാൻഡ് പ്രകടനം

79-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല നാവിക അക്കാദമി മറ്റന്നാൾ പയ്യന്നൂരിൽ ബാൻഡ് പ്രകടനം നടത്തും. ഷേണായി ടൗൺ സ്ക്വയറിൽ മറ്റന്നാൾ വൈകുന്നേരം 6.30 മുതൽ 7.30 വരെയാണ് പരിപാടി അരങ്ങേറുക. ദേശീയ അഭിമാനവും സാമൂഹ്യ പങ്കാളിത്തവും വളർത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. സ്വാതന്ത്ര്യ ദിനമായ ഓഗസ്റ്റ് 15 ന് വൈകുന്നേരം 6.30 മുതൽ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ വ്യോമസേനാ ബാൻഡ് സംഗീത വിരുന്ന് സംഘടിപ്പിക്കും . പരിപാടി പൊതുജനങ്ങൾക്കു വീക്ഷിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## തിരംഗ റാലി

പട്ടം പിഎം ശ്രീ കേന്ദ്രീയ വിദ്യാലയം, കഴക്കൂട്ടം സൈനിക സ്ക്കൂൾ തുടങ്ങി തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ ഹർ ഘർ തിരംഗ പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു. കുട്ടികളിൽ ദേശീയോദ്ഗ്രഥന സന്ദേശം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പട്ടത്ത് ഇന്നു നടന്ന തിരംഗ റാലിയിൽ വിദ്യാർത്ഥികൾ ദേശീയ പതാകയുമേന്തി അണി നിരന്നു.

RNU TVPM

&&&&&&&&&&&&&&&&&&&

**ആലപ്പുഴ-ഇൻട്രോ**

ദേശീയപാതയിൽ ഉയരപ്പാത നിർമ്മാണം നടക്കുന്ന അരൂർ തുറവൂർ റൂട്ടിൽ യാത്രാക്ലേശം രൂക്ഷം. ആലപ്പുഴയിൽ നിന്നും എറണാകുളം ജില്ലയിലേക്ക് പ്രവേശിക്കുന്ന ഈ പാതയിൽ മഴ പെയ്യുന്നതോടെ ദുരിതം ഇരട്ടിയാവുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ..........**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

RNUTVPM

**വയോധിക മരിച്ചു**

പെരുവല്ലൂർ പൂച്ചക്കുന്ന് ഓടിക്കൊണ്ടിരുന്ന ബസ്സിൽ നിന്ന് തെറിച്ച് വീണ് വയോധിക മരിച്ചു. പൂവത്തൂർ സ്വദേശി നളിനി ആണ് മരിച്ചത്. വളവ് തിരിയുന്നതിനിടെ പുറത്തേക്ക് തെറിച്ചാണ് അപകടം. വീഴ്ചയുടെ ആഘാതത്തിൽ ബസിൻറെ വാതിൽ തുറന്ന് പോയതോടെ പുറത്തേക്ക് വീഴുകയായിരുന്നു.

&&&&&&&&&&&&&&&&&&&

**ഹില്ലി അക്വ**

കേരള സർക്കാരിന്റെ കുപ്പിവെള്ള ബ്രാൻഡായ ഹില്ലി അക്വ ദുബായിലേക്ക് കയറ്റുമതി ആരംഭിച്ചു. ദക്ഷിണേന്ത്യയിൽ നിന്ന് ദുബായിലേക്ക് കുപ്പിവെള്ളം കയറ്റുമതി ചെയ്യുന്ന ഏക സ്ഥാപനമെന്ന നേട്ടം ഇതോടെഹില്ലി അക്വ സ്വന്തമാക്കി. യു.എ.ഇ. സൗദി അറേബ്യ, ഒമാൻ, ബഹ്റൈൻ, ഖത്തർ, കുവൈറ്റ് തുടങ്ങിയ ജിസിസി രാജ്യങ്ങളിലേക്ക് ഹില്ലി അക്വയുടെ എല്ലാ ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യാൻ ചർച്ചകൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**മേഖല രാജ്യാന്തര ചലച്ചിത്രോത്സവം**

ലോകസിനിമാക്കാഴ്ചകളുടെ നാല് ദിനരാത്രങ്ങൾ - കോഴിക്കോടിന് സമ്മാനിച്ച മേഖല രാജ്യാന്തര ചലച്ചിത്രോത്സവത്തിന് ഇന്ന് കൊടിയിറക്കം. കൈരളി തിയേറ്ററിൽ നടക്കുന്ന സമാപന സമ്മേളനം ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**മെഡിക്കൽ സർട്ടിഫിക്കറ്റ്**

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന രോഗികൾ, മുഖ്യമന്ത്രിയുടെ

RNU TVPM

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നു. പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 13ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് ആപ്ലിക്കേഷൻ മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റ് തയ്യാറാക്കാനും അതിന്റെ ആധികാരികത പരിശോധിക്കാനും ഉള്ള സംവിധാനം നിലവിൽ ലഭ്യമാണ്.

&&&&&&&&&&&&&&&&&&

**ട്രക്ക് ഡ്രൈവർമാരുടെ സമരം പിൻവലിച്ചു**

RIJUTVPM

ബി.പി.സി.എൽ കൊച്ചിയിലെ ട്രക്കുകളുടെ ശേഷി പൂർണമായും വിനിയോഗിക്കണമെന്ന് ആവശ്യപ്പെട്ടുള്ള എൽ പി ജി ട്രക്ക് ഡ്രൈവർ മാരുടെ സമരം ചർച്ചയെ തുടർന്ന് പിൻവലിച്ചു. വിഷയത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് ഈ മാസം 23ന് യോഗം ചേരാനും ധാരണയായി. ബിപിസിഎൽ മാനേജ്മെന്റ് പ്രതിനിധികളും, വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**മഴ കേരളം**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. നാളെ കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 746 പോയിന്റ് ഉയർന്ന് 80,604 ലും, നിഫ്റ്റി 222 പോയിന്റ് നേട്ടത്തിൽ 24,585 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു.ഗ്രാമിന് 70 രൂപ താഴ്ന്നു 9,375 രൂപയും,പവന് 560 രൂപ കുറഞ്ഞു 75,000 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**കാട്ടാന ആക്രമണം**

തമിഴ്നാട് ഗൂഡല്ലൂരിൽ കാട്ടാന ആക്രമണത്തിൽ മലയാളിയായ തോട്ടം തൊഴിലാളി മരിച്ചു. ഓവേലി ന്യൂ ഹോപ് സ്വദേശി മണി ആണ് മരിച്ചത്..

&&&&&&&&&&&&&&&&&&

RNU TVPM

## പൊലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനം

കേരള പൊലീസിൻറെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൻറെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും തറക്കല്ലിടലും നാളെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ നിർവ്വഹിക്കും. 27 കോടി രൂപ ചെലവഴിച്ചു നിർമിച്ച 12 പോലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും അഞ്ച് കെട്ടിടങ്ങളുടെ ശിലാസ്ഥാപനവുമാണ് അദ്ദേഹം നിർവ്വഹിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&

&

RNUTVPM